ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനായി ബ്രോഷറുകളും, ടൂറിസ്റ്റ് ഗൈഡുകളും, വകുപ്പ് തയ്യാറാക്കി വിതരണം ചെയ്തുവരുന്നു. കേരളത്തിന്റെ സമഗ്രമായ ഗൈഡായ കേരളാ കംബാനിയൻ, സ്മാർട്ടു ഗൈഡുകൾ, ബ്രോഷറുകൾ, മാപ്പുകൾ, NORTH KERALA, CENTRAL KERLA, SOUTH KERALA ഗൈഡുകൾ എന്നിവയും കൂടാതെ കേരളത്തിലെ കലകളെ കുറിച്ചും ഉത്സവങ്ങളെ കുറിച്ചുമുള്ള സി.ഡി.-കളും പുറത്തിറക്കിയിട്ടുണ്ട്. ഇവ ഇൻഡ്യാ ടൂറിസത്തിന്റെയും, ഇൻഫെർമേഷൻ സെന്റുകളിലൂടെയും ടൂറിസ്റ്റുകൾക്ക് ലഭ്യമാക്കി വരുന്നു. കൂടാതെ വിദേശ രാജ്യങ്ങളിലുള്ള ഇൻഡ്യ ടൂറിസത്തിന്റെ ഓഫീസുകൾ വഴിയും നൽകിവരുന്നു.

ടൂറിസ്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി

97(305) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസം വികസനത്തിന്റെ വളർച്ചയ്ക്ക് ടൂറിസം കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക് വലിയ പങ്ക് വഹിക്കാൻ കഴിയും എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ :

(ബി) എങ്കിൽ ഇത്തരം സൊസൈറ്റികൾക്ക് സർക്കാർ എന്തെല്ലാം പ്രോത്സാഹനവും സഹായവുമാണ് നൽകിവരുന്നതെന്ന് വ്യക്തമാക്കുമോ :

(സി) ഡി.ടി.പി.സി.-കൾ വഴി സൊസൈറ്റികൾക്ക് കൂടുതൽ സഹകരണവും സഹായവും നൽകുന്നതിന് പ്രത്യേക നിർദ്ദേശം നൽകുമോ ;

(ഡി) ഇത്തരം സംഘങ്ങളുടെ സഹകരണത്തോടെ ടൂറിസംരംഗത്ത് കൂടുതൽ തൊഴിലവസരവും ജനകീയ ടൂറിസം സംസ്കാരവും വളർത്തിയെടുക്കുവാൻ പ്രത്യേക പാക്കേജുകൾ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ടൂറിസം വികസനത്തിന്റെ വളർച്ചയ്ക്ക് സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന സൊസൈറ്റികൾക്കും പങ്ക് വഹിക്കാൻ കഴിയുമെന്ന് കരുതുന്നു.

(ബി) നിലവിൽ ടൂറിസം വകുപ്പുവഴി സൊസൈറ്റികൾക്ക് മാത്രമായി പ്രത്യേക സഹായമൊന്നും നൽകുന്നില്ല.

(സി) സഹകരിക്കുന്നതാണ്.

(ഡി) പ്രത്യേക പാക്കേജുകൾ നടപ്പാക്കുന്നത് പ്രായോഗികമാണെന്ന് കരുതുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly